**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
HMT Junction, Kalamassery, Kochi – 683 104
E-mail: sitttr@gmail.com, jd_cdc@yahoo.com
Phone & Fax: 0484 2542355 Web: www.sitttrkerala.ac.in

150 YEARS OF CELEBRATING THE MAHATMA

No.P3/3508/2019 30.11.2020

## രണ്ടാം സ്പോട്ട് അഡ്മിഷൻ - അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

1. സംസ്ഥാനത്തെ വിവിധ പോളിടെക്നിക് കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ ഡിസംബർ 3, 4, 5 തീയതികളിലായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. നിലവിൽ ലഭ്യമായ ഒഴിവുകൾ കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org എന്ന വെബ്സൈറ്റിലെ vacancy position എന്ന ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പങ്കെടുക്കാൻ താല്പര്യമുള്ള സ്ഥാപനത്തിന്റെ പേര് ഓൺലൈനായി സെലക്റ്റ് ചെയ്യേണ്ടതാണ്. നിലവിൽ ഓപ്ഷനുകൾ ഒന്നും നൽകേണ്ടതില്ല.
2. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപനമാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും (റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ) സ്പോട്ട് അഡ്മിഷനു വേണ്ടി രജിസ്റ്റർ ചെയ്യാവുന്നതാണ്.
3. അപേക്ഷകർക്ക് 01/12./2020 മുതൽ 02/12/2020 വരെ അഡ്മിഷൻ വെബ്സൈറ്റിലെ Spot Admission Registration എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്. രണ്ടാം സ്പോട്ട് അഡ്മിഷനു വേണ്ടി പ്രത്യേകം രജിസ്റ്റർ ചെയ്യാത്തവരെ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുന്നതല്ല. **ഒരാൾക്ക് എത്ര സ്ഥാപനങ്ങളിലേക്ക് വേണമെങ്കിലും രജിസ്റ്റർ ചെയ്യാവുന്നതാണ്.** സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുമ്പോൾ ലഭിക്കുന്ന സീറ്റിൽ പ്രവേശനം നേടണമെന്ന് നിർബന്ധമില്ല.
4. ആപ്ലിക്കേഷൻ നമ്പരും ജനനതീയതിയും നല്കുമ്പോൾ ലഭിക്കുന്ന ഒടിപി ഉപയോഗിച്ച് അപേക്ഷകന് ഓരോ സ്ഥാപനത്തിന്റേയും റജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതാണ്.
5. **ഓരോ സ്ഥാപനത്തിലേക്കും രജിസ്റ്റർ ചെയ്തവരിൽ നിന്നും തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അതാത് സ്ഥാപനങ്ങളിൽ അഡ്മിഷൻ നടത്തുന്നതായിരിക്കും. ഓരോ സ്ഥാപനത്തിലെയും സ്പോട്ട് അഡ്മിഷൻ നടത്തുന്ന സമയക്രമം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത് പരിശോധിക്കേണ്ടതും അതിൽ പറഞ്ഞിട്ടുള്ള സമയക്രമം കൃത്യമായി പാലിച്ച് അപേക്ഷകർ ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകേണ്ടതുമാണ്.**
6. **റാങ്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ ഡെസ്കിൽ ഹാജരാകുന്ന അപേക്ഷകന് ആ സമയത്ത് പ്രസ്തുത സ്ഥാപനത്തിൽ ഏതൊക്കെ ബ്രാഞ്ചുകളിലാണ് ഒഴിവുകൾ ഉള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അപ്രകാരമുള്ള ഒഴിവുകളിലേതെങ്കിലും അഡ്മിഷൻ എടുക്കാൻ താല്പര്യമുള്ളവർക്ക് എടുക്കാവുന്നതും താൽപര്യമില്ലെങ്കിൽ അഡ്മിഷൻ എടുക്കാതെ ഒഴിവാക്കാവുന്നതുമാണ്.**
7. ഏതെങ്കിലും അപേക്ഷകന് നിശ്ചിത സമയക്രമത്തിൽ ഹാജരാകാൻ സാധിച്ചില്ലെങ്കിൽ അവർ ഹാജരാകുന്ന സമയത്തു നടക്കുന്ന റാങ്കിലേക്കു മാത്രമേ പരിഗണിക്കുകയുള്ളൂ. അവർക്ക് യാതൊരുവിധ മുൻഗണനയും നൽകുന്നതല്ല. അത്തരക്കാർ ഹാജരാകാൻ സാധിക്കാത്തതിന്റെ കാരണവും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന റാങ്കിൽ പരിഗണിക്കണം എന്ന അപേക്ഷയും നൽകേണ്ടതാണ്. അപേക്ഷ പരിശോധിച്ച് സ്ഥാപന മേധാവി എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

polyadmission.org

8. പുതിയതായി അഡ്മിഷൻ എടുക്കുന്നവർക്ക് നിലവിൽ എവിടെയെങ്കിലും അഡ്മിഷൻ ഉണ്ടെങ്കിൽ അത് നഷ്ടപ്പെടുന്നതും പുതിയതായി ചേർന്ന അഡ്മിഷൻ നില നിൽക്കുന്നതുമാണ്. അഡ്മിഷൻ എടുക്കാൻ താല്പര്യമില്ലാതെ ഒഴിവായി പോകുന്നവർക്ക് അവരുടെ പഴയ അഡ്മിഷൻ (ഉണ്ടെങ്കിൽ) നിലനിൽക്കുന്നതാണ്.

9. അഡ്മിഷൻ നേടിയവർ അപ്പോൾത്തന്നെ എല്ലാ അസ്സൽ രേഖകളും സമർപ്പിച്ച് മുഴുവൻ ഫീസടച്ച് അഡ്മിഷൻ പൂർത്തിയാക്കേണ്ടതാണ്. TC ഹാജരാക്കാൻ സമയം അനുവദിക്കുന്നതാണ്. മറ്റേതെങ്കിലും പോളിടെക്നിക് കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പും ഫീസടച്ച രസീതും അപേക്ഷ ഫോമിൽ പ്രതിപാദിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കിയാൽ മതിയാകും.

10. അപേക്ഷാ ഫോറത്തിൽ പ്രതിപാദിക്കാത്ത അവകാശങ്ങൾ അഡ്മിഷൻ സമയത്ത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

11. അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ ശ്രദ്ധയിൽപെട്ടാൽ (റാങ്കിലോ റിസർവേഷനിലോ മാറ്റം വരുന്നതാണെങ്കിൽ) അഡ്മിഷൻ നൽകുന്നതല്ല.

12. അഡ്മിഷൻ സമയത്ത് നേരത്തെ ഹാജരാക്കിയതിൽ കൂടുതൽ സർട്ടിഫിക്കറ്റുകൾ ആവശ്യമാണെങ്കിൽ (eg:Quota change-community, income certificate etc.) അതും കൈവശമുണ്ടായിരിക്കേണ്ടതാണ്. അപേക്ഷകനോടൊപ്പം പത്തുവയസ്സിൽ താഴെയുള്ള കുട്ടികളെയോ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരെയോ അഡ്മിഷൻ സ്ഥലത്തേക്ക് പ്രവേശിപ്പിക്കുന്നതല്ല. കോവിഡ്-19 മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതുമാണ്. പനിയോ മറ്റ് കോവിഡ് സംബന്ധമായ രോഗ ലക്ഷണങ്ങൾ ഉള്ളവർ യാതൊരുകാരണവശാലും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ പാടില്ലാത്തതും അവർ നിശ്ചിത പ്രോക്സി ഫോമിൽ ഏതെങ്കിലും ഒന്ന് (Annexure XIII) പൂരിപ്പിച്ച് അധികാരപ്പെടുത്തിയ വ്യക്തികളെ അഡ്മിഷനു പങ്കെടുപ്പിക്കേണ്ടതുമാണ്.

13. ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ ഹാജരാകാൻ ആഗ്രഹിക്കുന്നവർ നിശ്ചിത പ്രോക്സി ഫോം പൂരിപ്പിച്ച് അപേക്ഷകന്റെയും രക്ഷാകർത്താവിന്റെയും ഒപ്പോടു കൂടി ഹാജരാക്കേണ്ടതാണ്. അവർ സർട്ടിഫിക്കറ്റ്, ഫീസ് അടച്ച രസീത്, അഡ്മിഷൻ സ്ലിപ്പ് എന്നിവയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. അപേക്ഷകന്റെ അഭാവത്തിൽ പ്രോക്സി ഫോം ഇല്ലാത്തവരെ യാതൊരു കാരണവശാലും സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുന്നതല്ല.

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY-683104
GOVERNMENT OF KERALA
DEPT. OF TECHNICAL EDUCATION

ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്)

polyadmission.org